ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
0471 2561307

നടപടിക്രമം

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം - പ്ലാനിംഗ് (L1) സീറ്റ് വിഭജിച്ച്- പ്ലാനിംഗ്(L7) സീറ്റ് - രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ജീവനക്കാര്യം (എ) വിഭാഗം

നം. DTETVM/8706/2026-EA3 (EA) **തിരുവനന്തപുരം, തീയതി: 24-11-2026**

വായന:- **1. 05/10/2026** ലെ പ്ലാനിംഗ് എൽ1 സെക്ഷൻ ക്ലർക്കിന്റെ സമർപ്പണം.
2. 29/10/2026 ലെ ഇതേ നമ്പർ ഉത്തരവ്.

ഉത്തരവ്

ഈ കാര്യാലയത്തിലെ പ്ലാനിംഗ് എൽ1 സെക്ഷനിൽ നിലവിൽ ജോലി ഭാരം കൂടുതലായതിനാൽ സമയബന്ധിതമായി ചെയ്തു തീർക്കേണ്ട ജോലികൾ യഥാസമയം ചെയ്തു തീർക്കാൻ കഴിയാത്ത സാഹചര്യമാണെന്നും, ആയതിനാൽ സെക്ഷനിലെ ജോലികൾ വിഭജിച്ച് രണ്ടു സീറ്റ് ആയി മാറ്റണമെന്നും എൽ7 എന്ന പുതിയ സീറ്റ് രൂപീകരിക്കണമെന്നും വായന 1 പ്രകാരം പ്ലാനിംഗ് സൂപ്രണ്ടിന്റെ ശുപാർശയോടെ പ്ലാനിംഗ് എൽ1 സെക്ഷൻ ക്ലർക്ക് അപേക്ഷിച്ചിരുന്നു.

മേൽ അപേക്ഷ സംബന്ധിച്ച് ജോലി ഭാരം പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വായന 2 പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി പ്ലാനിങ് സെക്ഷനിലെ ഓരോ സീറ്റിലെയും ഫയലുകളുടെയും തപാലുകളുടെയും കണക്കെടുക്കുകയും പ്ലാനിംഗ് എൽ1 സീറ്റ് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ വിശകലനം ചെയ്യുകയും ചെയ്തു.

കമ്മറ്റിയുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ നിലവിലെ പ്ലാനിംഗ് എൽ1 സീറ്റ് വിഭജിച്ച് **പ്ലാനിംഗ് എൽ7 (Planning L7)** എന്ന പുതിയ ഒരു സീറ്റ് കൂടി രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

താഴെ പറയുന്ന വിഷയങ്ങളുടെ ചുമതല പ്ലാനിംഗ് എൽ7 (L7) സീറ്റിന് നൽകി ഉത്തരവാകുന്നു:

- വകുപ്പിലെ മുഴുവൻ സ്ഥാപനങ്ങളിലെയും ജനറൽ വിഭാഗം (ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ്, മലയാളം, ഗണിതം) ജീവനക്കാരുടെ നിയമനം / സാധൂകരണം.

- കുടുംബശ്രീ, കെക്സ്കോൺ (KEXCON) മുഖേനയുള്ള സ്വീപ്പർ, സാനിറ്ററി വർക്കർ,

കുക്ക്, മേടൺ, വാച്ച്മാൻ എന്നിവരുടെ നിയമനങ്ങൾ.

- ടെക്നിക്കൽ ഹൈസ്കൂൾ, കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ **(Commercial Institutes)** എന്നിവയുടെ പുനർവിന്യാസം.
- അധിക തസ്തികകൾ കണ്ടെത്തി പുനർവിന്യസിക്കൽ, പുനർനാമകരണം ചെയ്യൽ.
- റിസർച്ച് ഹെഡ് മാൻപവർ **(Research Head Manpower)** സംബന്ധിച്ച വിശദീകരണങ്ങൾ.
- നോൺ-ഗേറ്റ് സ്കോളർഷിപ്പ് **(Non-GATE Scholarship).**
- മേൽപ്പറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവരാവകാശ അപേക്ഷകൾ, റാങ്ക് ഹോൾഡേഴ്സ് പരാതികൾ, മുഖ്യമന്ത്രിയുടെ പോർട്ടൽ **(CMO Portal)** പരാതികൾ, മറ്റ് സർക്കാർ തപാലുകൾ.

Digitally signed by
Jayaprakash P
Date: 24-11-2026
17:10:09

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. പ്ലാനിംഗ് സൂപ്രണ്ട്
2. ബന്ധപ്പെട്ട ജീവനക്കാർ
3. ഐ.റ്റി. ഡിവിഷൻ
4. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി